# യൂണിറ്റ് 5: സ്കൂൾവിക്കി - പുതിയ ഉപയോക്താവ് (New User)

**സ്കൂൾ അധികാരികൾക്കും അധ്യാപകർക്കും കുട്ടികൾക്കും രക്ഷിതാക്കൾക്കും പൂർവ്വവിദ്യാർത്ഥികൾക്കും തുടങ്ങി ആർക്കും അംഗത്വം എടുക്കുകയോ തിരുത്തുകയോ ചെയ്യാം.**

- വിദ്യാലയങ്ങൾ, പൊതുവിദ്യാഭ്യാസ വകുപ്പ് നൽകിയ സ്കൂൾകോഡ് ഉപയോക്തൃനാമമായി അംഗത്വം ഉണ്ടാക്കേണ്ടതും പ്രസ്തുത ഉപയോക്തൃനാമം ഉപയോഗിച്ച് യഥാസമയം നിരീക്ഷണം നടത്തേണ്ടതും തിരുത്തലുകൾ വരുത്തേണ്ടതുമാണ്.
- ലേഖനങ്ങളുടെ ആധികാരികത പരിഗണണിക്കുന്നത് അംഗത്വനാമം നോക്കിയാണ്.
- വിദ്യാലയങ്ങളുടെ ഔദ്യോഗിക ഇ-മെയിൽ വിലാസമാണ് സ്കൂൾകോഡ് User Name ആയി ഉപയോഗിക്കുമ്പോൾ അഭികാമ്യം. എന്നാൽ, അദ്ധ്യാപകർ സ്വന്തം പേരിൽ എടുക്കുന്ന User Name ന് സ്വന്തം Email ID തന്നെ ചേർക്കുക.
- **പുതിയ അംഗത്വമെടുക്കുന്നതിന്**, അംഗത്വ വിവരം നൽകുകയും ഇമെയിൽ വിലാസം സ്ഥിരീകരിക്കുകയും ചെയ്യണം.

സ്കൂളുമായി ബന്ധപ്പെട്ട താളുകൾ സ്കൂളിന്റെ പേരിലുള്ള ഉപയോക്തൃനാമം (user Name) ഉപയോഗിച്ച് തിരുത്തുക. മറ്റുള്ള പേരിലുള്ള ഉപയോക്തൃനാമം ഉപയോഗിച്ച് തിരുത്തുന്നത് അനുവദിച്ചിട്ടുണ്ടെങ്കിലും പരമാവധി ഔദ്യോഗിക നാമം ഉപയോഗിക്കുക. മറ്റ് ഉപയോക്തൃനാമം ഉപയോഗിക്കുമ്പോൾ ഉപയോക്തൃതാളിൽ (User Page) ഏതുസ്കൂളുമായി ബന്ധപ്പെടുന്ന ഉപയോക്താവാണ് എന്ന് രേഖപ്പെടുത്തേണ്ടതാണ്. ഇത് സ്കൂൾ വിക്കിയുടെ വിശ്വാസ്യത നിലനിറുത്തുന്നതിനും സുഗമമായ പ്രവർത്തനത്തിനുള്ള മുൻകരുതലുമാണ്.

- സ്കൂൾകോഡ് ഉപയോഗിച്ച് മുൻപ് ഒരു User ID എടുത്തിട്ടുണ്ടെങ്കിൽ അത് തന്നെ ഉപയോഗിക്കുക.
- Password മറന്നുപോയി എങ്കിൽ Reset ചെയ്യാൻ ശ്രമിക്കുക. (Unit 4 കാണുക)
- Password റീസെറ്റ് ചെയ്യാൻ സ്വയം സാധിക്കുന്നില്ലെങ്കിൽ SchoolwikiHelpDesk സഹായം തേടുക. ഇവിടെ കണ്ണി ചേർത്തിട്ടുള്ള google form ൽ വിവരങ്ങൾ ലഭ്യമാക്കുക.
- മുൻപത്തെ User ID ഒരുവിധത്തിലും ഉപയോഗിക്കാൻ സാധിക്കുന്നില്ലെങ്കിൽ മാത്രം പുതിയൊരു User ID ഉണ്ടാക്കുക.
- സ്കൂളിനുവേണ്ടി പൊതുവായി ഉണ്ടാക്കുന്ന പുതിയ User ID യിൽ സ്കൂൾകോഡ് കൂടി ഉണ്ടാവണം. (Example: 99999hm, 99999sitc, 99999LKM, ..............)
- ടീച്ചേഴ്സിന് വേണമെന്നുണ്ടെങ്കിൽ, സ്വന്തമായി User ID ഉണ്ടാക്കാം

- അംഗത്വമെടുക്കുന്നതെങ്ങനെ?







- അംഗത്വമെടുക്കാനുള്ള വിവരങ്ങൾ കൃത്യമായി നൽകുക.
- ഇമെയിൽ വിലാസം കൃത്യമായി നൽകുക, ഇതിലേക്ക് വരുന്ന കണ്ണിയിൽ ക്ലിക്ക് ചെയ്ത് വിലാസം സ്ഥിരീകരിക്കേണ്ടതായിട്ടുണ്ട്. ഇമെയിൽ വിലാസം സ്ഥിരീകരിച്ചില്ലെങ്കിൽ, ലോഗിൻ ചെയ്താലും തിരുത്തൽ സാധിക്കില്ല.
- User ID ഉണ്ടാക്കിയപ്പോൾ നൽകിയ Mail തുറന്ന് അതിൽ schoolwiki യിൽ നിന്ന് വന്ന മെയിൽ കാണുക. ഇത് ചിലപ്പോൾ Inbox ൽ ഉണ്ടാവില്ല. എങ്കിൽ Spam folder കൂടി നോക്കുക. അത് കണ്ടെത്തി അതിലെ ഇമെയിൽ സ്ഥിരീകരിക്കുന്നതിനുള്ള ആദ്യത്തെ കണ്ണിയിൽ ക്ലിക്ക് ചെയ്ത് ആ പ്രവൃത്തി പൂർത്തിയാക്കിയശേഷം ലോഗിൻ ചെയ്യുക.

- ഇമെയിൽവിലാസം സ്ഥിരീകരിച്ചു. എന്നിട്ടും ലോഗിൻ പ്രശ്നം കാണിക്കുന്നു

മീഡിയാവിക്കിയുടെ അപ്‌ഡേറ്റഡ് വേർഷനിലാണ് സ്കൂൾവിക്കി ഇപ്പോൾ പ്രവർത്തിക്കുന്നത്. ഇക്കാരണത്താൽ, വെബ് ബ്രൗസർ അപ്‌ഡേറ്റഡ് ആയാൽ മാത്രമേ സ്കൂൾവിക്കി എളുപ്പത്തിൽ തുറന്നുവരികയുള്ളൂ. ഉപയോഗിക്കുന്ന WEB Browser ഏതായാലും അത് അപ്‌ഡേറ്റ് ചെയ്യുക

---

[മുഴുവൻ യൂണിറ്റുകളുടേയും pdf ഫയലുകളും വീഡിയോ ഫയലുകളും ഇവിടെക്കാണാം]

---

പരിശീലനത്തിൽ പങ്കെടുക്കുന്നവർ [ഇവിടെ രജിസ്റ്റർ ചെയ്യുക].

ജില്ലയുടെ വാട്സ്ആപ് ഗ്രൂപ്പിൽ ചേരുന്നതിന് [ഇവിടെ] സൗകര്യമുണ്ട്.

സാങ്കേതിക സഹായത്തിന് : [SchoolwikiHelpDesk] സന്ദർശിക്കുക